# SAMAGRA PLUS

## ANNUAL EVALUATION 2024-25

## PRACTICE QUESTION PAPER

## SOCIAL SCIENCE

**Time :**2 മണിക്കൂർ **Std : VII**

**നിർദ്ദേശങ്ങൾ**

ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ് .ഈ സമയത്ത് ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കുക.

ആകെയുള്ള 8 പ്രവർത്തനങ്ങളിൽ ഏതെങ്കിലും 6 പ്രവർത്തങ്ങൾക്കുത്തരം എഴുതിയാൽ മതി

### പ്രവർത്തനം 1

**ഒരു കുടുംബം ഭക്ഷ്യ ഉപഭോഗത്തിനും ഭക്ഷ്യേതര ഉപഭോഗത്തിനുമായി ഒരു നിശ്ചിത കാലയളവിൽ ചെലവഴിക്കുന്ന ആകെ തുകയാണ് കുടുംബ ചെലവ്**

A) പ്രതീക്ഷിത ചെലവ് , അപ്രതീക്ഷിത ചെലവ് എന്നിവക്ക് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.

| പ്രതീക്ഷിത ചെലവ് | അപ്രതീക്ഷിത ചെലവ് |
|---|---|
| ● വിദ്യാഭ്യാസം<br>● ......................<br>● ...................... | ● അപകടം<br>● ..................<br>● .................. |

B) കുടുംബ ബജറ്റ് കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം ?

### പ്രവർത്തനം 2

**ദക്ഷിണാഫ്രിക്കൻ സ്വാതന്ത്ര്യ സമരം കൊളാഷ് നിരീക്ഷിക്കുക.**

**ഗ്രേറ്റ് ട്രക്ക്** | **ഒന്നാം ബൂവർ യുദ്ധം** | **കോളനിവൽക്കരണം**

A) ദക്ഷിണാഫ്രിക്കയിലെ ആദിമനിവാസികളായിരുന്ന ജനവിഭാഗങ്ങൾ ഏതെല്ലാം ?

B) മുകളിൽ കൊടുത്ത കൊളാഷ് നിരീക്ഷിച്ച് ഏതെങ്കിലും ഒന്നിനെക്കുറിച്ച് കുറിപ്പെഴുതുക .

**പ്രവർത്തനം 3**

**നമുക്ക് ചുറ്റും കാണുന്ന ഓരോ കല്ലിനും ഓരോ കഥ പറയാനുണ്ടാകും. വലിയ കല്ലുകൾ കൊണ്ട് നിർമ്മിച്ച ധാരാളം സ്മാരകങ്ങളുടെ അവശേഷിപ്പുകൾ നമ്മുടെ പൂർവികർ ഇവിടെ ഉപേക്ഷിച്ചു പോയിട്ടുണ്ട് .**

A) മഹാശിലാ കാലഘട്ടത്തിൽ ശവസംസ്കാരത്തിന് ഉപയോഗിച്ചിരുന്ന വലിയ കളിമൺ ഭരണികളാണ് ................
(കുടക്കല്ല് ,മുനിയറ ,നന്നങ്ങാടികൾ ,തൊപ്പിക്കല്ല് )

B) ഇടയ്ക്കൽ ഗുഹ സ്ഥിതി ചെയ്യുന്ന ജില്ല ?

C) പ്രാദേശിക ചരിത്രരചനയെ സഹായിക്കുന്ന സ്രോതസ്സുകൾ എന്തെല്ലാം ?

**പ്രവർത്തനം 4**

**ഒരു വസ്തുവിനെയോ പ്രദേശത്തെയോ പ്രതിഭാസത്തെയോ കുറിച്ചുള്ള വിവരങ്ങൾ വിദൂരതയിൽ നിന്നും സ്പർശബന്ധം കൂടാതെ ഉപകരണങ്ങളുടെ സഹായത്തോടെ ശേഖരിക്കുന്ന രീതിയാണ് വിദൂര സംവേദനം എന്ന് പറയുന്നത്.**


A) വിമാനത്തിൽ ഉറപ്പിച്ചിട്ടുള്ള ക്യാമറയുടെ സഹായത്തോടെ ആകാശത്തുനിന്നും ഭൗമോപരിതല സവിശേഷതകളുടെ ചിത്രങ്ങൾ പകർത്തുന്ന രീതിക്ക് പറയുന്ന പേരെന്ത് ?

B) ആധുനിക ലോകത്ത് വിദൂരസംവേദനത്തിന് അനന്തസാധ്യതകൾ ആണുള്ളത്. രണ്ട് സാധ്യതകൾ എഴുതുക.

C) തന്നിരിക്കുന്ന കേരളത്തിന്റെ ഭൂപടം പരിശോധിച്ച് ഭൂപടവായനക്ക് അവശ്യമായ ഘടകങ്ങൾ ഏതെല്ലാം എന്ന് കണ്ടെത്തുക ?

(ഏതെങ്കിലും 4 എണ്ണം എഴുതുക)

a) …………..
b) …………..
c) …………..
d) …………..



**പ്രവർത്തനം 5**

**പ്രത്യേക സൗകര്യ സംവരണ നിയമവുമായി ബന്ധപ്പെട്ട് ദക്ഷിണാഫ്രിക്കയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ചില മുന്നറിയിപ്പ് ബോർഡുകൾ വർണ്ണ വിവേചനത്തിന്റെ സാമൂഹിക അവസ്ഥ പ്രകടമാക്കുന്നു .**


A) വർണ്ണ വിവേചനം എന്നാൽ എന്ത് ?

B) ദക്ഷിണാഫ്രിക്കയിൽ നടപ്പാക്കിയിരിക്കുന്ന നിയമങ്ങളുടെ അടിസ്ഥാനത്തിൽ കറുത്ത വർഗ്ഗക്കാർ അഭിമുഖീകരിക്കേണ്ടി വന്ന ജീവിതാവസ്ഥയെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക ?

**പ്രവർത്തനം 6**

**ചരിത്രത്തെക്കുറിച്ച് നമുക്ക് വിവരം നൽകുന്ന എന്തിനെയും ചരിത്രരചന സ്രോതസ്സുകൾ എന്ന് വിളിക്കാം**

A) പ്രധാന പുരാവസ്തുശാസ്ത്രപരമായ സ്രോതസ്സുകൾ ഏതെല്ലാം ? പദസൂര്യൻ പൂർത്തിയാക്കുക.




B) കേരളത്തെക്കുറിച്ച് പരാമർശിച്ചിട്ടുള്ള ചില വിദേശ സഞ്ചാരികളുടെ പേരുകളാണ് ചുവടെ കൊടുത്തിരിക്കുന്നത് പട്ടിക പൂർത്തിയാക്കുക.

| **വിദേശ സഞ്ചാരികൾ** | **രാജ്യം** |
|---|---|
| അബ്ദുർ റസാഖ് | |
| ഇബ്നുബത്തൂത്ത | |
| മെഗസ്തനീസ് | |
| മാർക്കോ പോളോ | |

C) ഒരു പ്രധാന ചരിത്ര സ്രോതസ്സാണ് നാണയങ്ങൾ. നാണയങ്ങളിൽ നിന്ന് നമുക്ക് എന്തെല്ലാം വിവരങ്ങൾ ലഭിക്കുന്നു ?

**പ്രവർത്തനം 7**

**ഉത്ഭവ സമയത്ത് ചുട്ടുപഴുത്ത അവസ്ഥയിലായിരുന്ന ഭൂമി കോടാനുകോടി വർഷങ്ങൾ കൊണ്ട് സാവധാനം തണുത്തു. ഈ പ്രക്രിയയിലൂടെ ഭൂമിയുടെ ഉള്ളിൽ ഉണ്ടായിരുന്ന വാതകങ്ങൾ പുറത്തേക്ക് വന്നു. ക്രമേണ ഭൂമിക്ക് ചുറ്റും നിരവധി വാതകങ്ങളുള്ള വായുവിന്റെ ഒരു ആവരണം ഉണ്ടായി. ഭൂമിയെ ആവരണം ചെയ്യുന്ന ഈ വാതകപ്പുതപ്പാണ് അന്തരീക്ഷം.**

A) എന്തെല്ലാം പ്രവർത്തനങ്ങളാണ് അന്തരീക്ഷ മലിനീകരണത്തിന് കാരണമാകുന്നത്?
B) അന്തരീക്ഷ മലിനീകരണം തടയുന്നതിനായി നമുക്ക് എന്തെല്ലാം ചെയ്യാനാകും?
C) ഏത് ദിനമാണ് ലോക ഓസോൺ ദിനമായി ആചരിക്കുന്നത് ?

**പ്രവർത്തനം 8**

**ലോകത്തെ ഏറ്റവും വലിയ എഴുതപ്പെട്ട ഭരണഘടനയാണ് ഇന്ത്യയുടേത്. ഭരണഘടന അംഗീകരിച്ച് ഒപ്പുവെച്ചത് 1949 നവംബർ 26 നാണ്. നമ്മുടെ ഭരണഘടനയിൽ 22 ഭാഗങ്ങളും 395 അനുഛേദങ്ങളും 8 പട്ടികകളും ഉണ്ടായിരുന്നു.**

A) ഇന്ത്യൻ ഭരണഘടന നിലവിൽ വന്നത് എന്ന് ?
B) ഇന്ത്യൻ ഭരണഘടനയുടെ ഡ്രാഫ്റ്റിങ് കമ്മിറ്റി ചെയർമാൻ ആരായിരുന്നു?
C) നമ്മുടെ ഭരണഘടനയുടെ 3 സവിശേഷതകൾ എഴുതുക?

| Qn. No | Key point | Score | Total |
|---|---|---|---|
| 1A | **പ്രതീക്ഷിത ചെലവ്**<br>ആഹാരം ,വൈദ്യുതി ബിൽ ,പത്രം ,വിനോദം, വസ്ത്രം<br>**അപ്രതീക്ഷിത ചെലവ്**<br>പ്രകൃതിക്ഷോഭം ,രോഗങ്ങൾ ,വിലവർധനവ് ,മരണം | 2 | 5 |
| B | • വിവിധ വരുമാനസ്രോതസ്സുകൾ തിരിച്ചറിയുന്നു .<br>• വരവിന് അനുസരിച്ച് ചെലവ് ക്രമീകരിക്കുന്നു.<br>• മിതവ്യയശീലം.<br>• അധിക ചെലവുകൾ തിരിച്ചറിഞ്ഞു നിയന്ത്രിക്കാൻ സാധിക്കും.<br>• സ്വാശ്രയ ബോധം. *(ഏതെങ്കിലും 3 എണ്ണം എഴുതുക)* | 3 | |
| 2 A | സാൻ, ഖോസാ | 2 | 5 |
| B | <u>**കോളനിവൽക്കരണം**</u><br>ഒരു രാജ്യം മറ്റൊരു പ്രദേശത്തെയും അവിടുത്തെ ജനങ്ങളുടെയും മേൽ അധികാരം സ്ഥാപിച്ച് രാഷ്ട്രീയവും സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവുമായ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനെയാണ് കോളനിവൽക്കരണം എന്ന് പറയുന്നത് .<br><u>**ഗ്രേറ്റ് ട്രക്ക്**</u><br>ബ്രിട്ടൻ നടപ്പിലാക്കിയ നയങ്ങളിൽ നിന്ന് രക്ഷ നേടാൻ കേപ്പ് കോളനിയിൽ നിന്ന് ദക്ഷിണാഫ്രിക്കയുടെ ഉൾപ്രദേശങ്ങളിലേക്ക് ബൂവറുകൾ നടത്തിയ പാലായനമാണ് ഗ്രേറ്റ് ട്രക്ക്. ഗ്രേറ്റ് ട്രക്കിനെ തുടർന്ന് ബൂവറുകൾ ട്രാൻസ്‌വാൾ, ഓറഞ്ച് ഫ്രീ സ്റ്റേറ്റ് ,നേറ്റാൽ എന്നിവിടങ്ങളിൽ റിപ്പബ്ലിക്കുകൾ സ്ഥാപിച്ചു.<br><u>**ഒന്നാം ബൂവർ യുദ്ധം (1880-81)**</u><br>• ദക്ഷിണാഫ്രിക്കയുടെ വിവിധ പ്രദേശങ്ങളിൽ സ്വർണ്ണ വജ്ര ഖനികൾ കണ്ടുപിടിക്കപ്പെടുന്നു<br>• ഖനികൾ ഉൾപ്പെട്ടിരുന്ന ബുവർ റിപ്പബ്ലിക്കുകൾ ബ്രിട്ടൻ അധീനതയിലാക്കാൻ ശ്രമിക്കുന്നു<br>• കൂടുതൽ പ്രദേശങ്ങളിലേക്ക് ഭരണം വ്യാപിപ്പിക്കാൻ ബ്രിട്ടൻ ശ്രമിക്കുന്നു<br>• യുദ്ധത്തിൽ വിജയിച്ച ബുവറുകൾ ദക്ഷിണാഫ്രിക്കൻ റിപ്പബ്ലിക് രൂപീകരിക്കുന്നു.<br>*(ഏതെങ്കിലും 1 എണ്ണം എഴുതുക)* | 3 | |
| 3A | നന്നങ്ങാടികൾ | 1 | 5 |
| B | വയനാട് | 1 | |
| C | നാട്ടറിവുകൾ ,ആചാരാനുഷ്ഠാനങ്ങൾ ,പാട്ടുകൾ ,പ്രാദേശിക നിരീക്ഷണം ,ഓർമ്മകൾ ,സ്ഥലനാമ ചരിത്രങ്ങൾ ,ആധാരങ്ങൾ, | 3 | |

| | | | |
|---|---|---|---|
| | ഔദ്യോഗിക രേഖകൾ *(ഏതെങ്കിലും 6 എണ്ണം എഴുതുക)* | | |
| 4 A | ആകാശിയ വിദൂര സംവേദനം | 1 | 5 |
| B | • കാലാവസ്ഥ പഠനത്തിന്<br>• കാർഷിക മേഖലയിലെ പഠനത്തിന്<br>• പ്രകൃതിക്ഷോഭങ്ങൾ ഉണ്ടായ പ്രദേശങ്ങളെ കുറിച്ചുള്ള വിവരശേഖരണത്തിന്<br>• പ്രകൃതി വിഭവങ്ങളുടെ ലഭ്യത മനസ്സിലാക്കുന്നതിന്<br>*(ഏതെങ്കിലും 2 എണ്ണം എഴുതുക)* | 2 | |
| C | തലക്കെട്ട് ,തോത്, അക്ഷാംശരേഖകൾ രേഖാംശരേഖകൾ , അംഗീകൃത നിറങ്ങൾ , ചിഹ്നങ്ങൾ, സൂചിക.<br>*(ഏതെങ്കിലും 4 എണ്ണം എഴുതുക)* | 2 | |
| 5 A | കറുത്ത വർഗ്ഗക്കാർക്ക് എതിരെ വംശീയമായും സാമ്പത്തികമായും ഏർപ്പെടുത്തിയ വേർതിരിക്കലിന്റെ സാമൂഹ്യ ക്രമമാണ് വർണ്ണവിവേചനം . | 2 | 5 |
| B | പാസ് നിയമങ്ങൾ, ഗ്രൂപ്പ് ഏരിയ നിയമങ്ങൾ, ജനസംഖ്യ രജിസ്ട്രേഷൻ നിയമങ്ങൾ, ബന്റു അധികാര നിയമങ്ങൾ, പ്രത്യേക സൗകര്യ സംവരണ നിയമങ്ങൾ, ബന്റു വിദ്യാഭ്യാസ നിയമങ്ങൾ എന്നിവ കൊണ്ട് ആഫ്രിക്കൻ ജനത അനുഭവിച്ച ബുദ്ധിമുട്ടുകൾ എഴുതിയിരിക്കണം . | 3 | |
| 6 A | കൊട്ടാരങ്ങൾ , ശിലാസ്മാരകങ്ങൾ ,നാണയങ്ങൾ | 1 1/2 | 5 |
| B | മാർക്കോപോളോ - വെനീസ്<br>മെഗസ്തനീസ് - ഗ്രീസ്<br>ഇബ്നുബത്തൂത്ത - മൊറോക്കോ<br>അബ്ദുർ റസാഖ് - പേർഷ്യ | 2 | |
| C | • നാണയം നിർമിക്കപ്പെട്ട കാലഘട്ടം .<br>• നാണയം പുറത്തിറക്കിയ ഭരണാധികാരികൾ .<br>• നാണയം നിർമിക്കാനുപയോഗിച്ച ലോഹം. | 1 1/2 | |
| 7 A | • വാഹനങ്ങളുടെ അമിത ഉപയോഗം<br>• പ്ലാസ്റ്റിക്കുകളുടെ അമിത ഉപയോഗം<br>• പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കൽ<br>• വ്യവസായശാലകളിലെ പുക<br>• വനനശീകരണം etc..<br>*(ഏതെങ്കിലും 4 എണ്ണം എഴുതുക)* | 2 | 5 |
| B | • പൊതുവാഹനങ്ങൾ ഉപയോഗിക്കൽ<br>• കാൽനടയാത്ര<br>• വൈദ്യുതി ഉപയോഗം നിയന്ത്രിക്കൽ<br>• മാലിന്യങ്ങൾ കത്തിക്കാതിരിക്കാൻ<br>• സൈക്കിൾ ഉപയോഗം വർദ്ധിപ്പിക്കൽ<br>• മരങ്ങൾ വെച്ചുപിടിപ്പിക്കൽ etc .. | 2 | |

| | | | |
|---|---|---|---|
| | *(ഏതെങ്കിലും 4 എണ്ണം എഴുതുക)* | | |
| C | സെപ്റ്റംബർ 16 | 1 | |
| 8 A | 1950 ജനുവരി 26 | 1 | 5 |
| B | ഡോക്ടർ ബി ആർ അംബേദ്കർ | 1 | |
| c | പാർലമെന്ററി ജനാധിപത്യഭരണം.<br>ജനങ്ങളുടെ പരമാധികാരം .<br>മൗലിക അവകാശങ്ങൾ .<br>മൗലിക കടമകൾ.<br>നിയമവാഴ്ച.<br>ഫെഡറലിസം.<br>ഏക പൗരത്വം . *(ഏതെങ്കിലും 3 എണ്ണം എഴുതുക)* | 3 | |

SAMAGRA